**ALL INDIA RADIO THIRUVANANTHAPURAM**

# ആകാശവാണി, തിരുവനന്തപുരം
# പ്രാദേശിക വാർത്തകൾ

**TIME: 12.30 PM** **DATE: 17.04.2026**

## പ്രധാനവാർത്തകൾ

1. വനിതാ സംവരണ ഭേദഗതി ബില്ലിന്മേലുള്ള ചർച്ചകൾ ലോക്സഭയിൽ പുരോഗമിക്കുന്നു. സംവരണവുമായി ബന്ധപ്പെട്ട മൂന്ന് ബില്ലുകളിൻ മേൽ ഇന്ന് ഉച്ചയ്ക്ക് ശേഷം വോട്ടെടുപ്പ്.

2. രാജ്യസഭാ ഉപാധ്യക്ഷനായി മൂന്നാം തവണയും ഹരിവംശ് നാരായൺ സിങ് തിരഞ്ഞെടുക്കപ്പെട്ടു.

3. നിയമസഭാ തിരഞ്ഞെടുപ്പ് നടക്കുന്ന തമിഴ്നാട്ടിലും പശ്ചിമ ബംഗാളിലും പ്രചാരണം ഊർജിതം. വോട്ടെടുപ്പ് ഈ മാസം 23 ന്.

4. വിഷു പൂജകൾ പൂർത്തിയാക്കി ശബരിമല ക്ഷേത്ര നട നാളെ അടയ്ക്കും.

5. സംസ്ഥാനത്ത് ഞായറാഴ്ച വരെ ഉയർന്ന പകൽ താപനില തുടരും. ജനങ്ങൾ ജാഗ്രത പാലിക്കണമെന്ന് ദുരന്ത നിവാരണ അതോറിട്ടി.

6. ഐപിഎൽ ക്രിക്കറ്റിൽ ഇന്ന് ഗുജറാത്ത് ടൈറ്റൻസ് - കൊൽക്കത്ത നൈറ്റ് റൈഡേഴ്സ് പോരാട്ടം.

&&&&&&&&&&&&&&&&&&&

PNUTVPM

## പാർലമെൻറ്

വനിതാ സംവരണ ഭേദഗതി ബില്ലിന്മേലുള്ള ചർച്ചകൾ ലോക്സഭയിൽ പുരോഗമിക്കുന്നു. സംവരണവുമായി ബന്ധപ്പെട്ട മൂന്ന് ബില്ലുകളിൻ മേൽ ഇന്ന് ഉച്ചയ്ക്ക് ശേഷം വോട്ടെടുപ്പ് നടക്കും. ബിൽ പാസാക്കാൻ സഭയിൽ ഹാജറുള്ള അംഗങ്ങളുടെ മൂന്നിൽ രണ്ട് ഭൂരിപക്ഷം വേണം. സ്ത്രീ ശാക്തീകരണത്തിനായുള്ള രാജ്യത്തിന്റെ പ്രതിബദ്ധതയാണ് ബില്ലെന്ന് പ്രധാനമന്ത്രി നരേന്ദ്ര മോദി പറഞ്ഞു. അതേസമയം, വനിതാ സംവരണത്തെ മണ്ഡല പുനർനിർണ്ണയവുമായി ബന്ധിപ്പിക്കരുതെന്ന് പ്രതിപക്ഷം ആവശ്യപ്പെട്ടു. ലോക്സഭയിലും സംസ്ഥാന നിയമസഭകളിലും സ്ത്രീകൾക്ക് 33 ശതമാനം സംവരണം ഏർപ്പെടുത്താനായി മൂന്ന് ബില്ലുകളാണ് അവതരിപ്പിച്ചത്. ലോക്സഭാ സീറ്റുകളുടെ എണ്ണം 850 ആയി ഉയർത്താനാണ് ബില്ലിലെ പ്രധാന നിർദ്ദേശം. ലോക്സഭയിൽ ബിൽ പാസായാൽ, നാളെ രാജ്യസഭയിൽ ചർച്ച ചെയ്യും.

&&&&&&&&&&&&&&&&&&&

## കിരൺ റിജുജു - വിജ്ഞാപനം

2023 -ൽ പാർലമെന്റ് പാസ്സാക്കിയ നാരി ശക്തി വന്ദൻ അധിനിയം ഇന്നലെ മുതൽ പ്രാബല്യത്തിൽ വരുത്തി കേന്ദ്ര സർക്കാർ വിജ്ഞാപനം പുറപ്പെടുവിച്ചു. ഈ നിയമവുമായി ബന്ധപ്പെട്ട് നടപ്പിലാക്കാൻ സാധിക്കാതെ പോയവ പ്രായോഗിക തലത്തിൽ കൊണ്ടുവരുന്നതിനാണ് വിജ്ഞാപനം പുറപ്പെടുവിച്ചതെന്ന് കേന്ദ്രമന്ത്രി കിരൺ റിജിജു വ്യക്തമാക്കി. പാർലമെൻറിന് പുറത്ത് മാധ്യമങ്ങളോട് സംസാരിക്കുകയായിരുന്നു അദ്ദേഹം. ഇതൊരു സ്വാഭാവിക നടപടിക്രമം മാത്രമാണെന്നും ഇതിനെ രാഷ്ട്രീയ വിഷയമാക്കി മാറ്ററുതെന്നും അദ്ദേഹം പറഞ്ഞു.

&&&&&&&&&&&&&&&&&&&

RNU TVPM

## രാജ്യസഭ - ഉപാധ്യക്ഷൻ

രാജ്യസഭാ ഉപാധ്യക്ഷനായി ഹരിവംശ് നാരായൺ സിങ് വീണ്ടും തിരഞ്ഞെടുക്കപ്പെട്ടു. ഇത് മൂന്നാം തവണയാണ് അദ്ദേഹം ഉപാധ്യക്ഷ പദവിയിൽ എത്തുന്നത്. നോമിനേറ്റഡ് അംഗമായ ഹരിവംശിനെ രാജ്യസഭയുടെ ഉപാധ്യക്ഷനായി തിരഞ്ഞെടുക്കണമെന്ന പ്രമേയം കേന്ദ്രമന്ത്രി ജെ.പി. നഡ്ഡയാണ് സഭയിൽ അവതരിപ്പിച്ചത്. പക്വതയോടെ സഭാ നടപടികൾ നിയന്ത്രിക്കുന്ന ഹരിവംശിൻറെ കഴിവ് പ്രശംസനീയമാണെന്ന് പ്രധാനമന്ത്രി നരേന്ദ്ര മോദി അദ്ദേഹത്തെ അഭിനന്ദിച്ച് കൊണ്ട് രാജ്യസഭയിൽ നടത്തിയ പ്രസ്താവനയിൽ അഭിപ്രായപ്പെട്ടു.

&&&&&&&&&&&&&&&&&&&

## തിരഞ്ഞെടുപ്പ് - തമിഴ്നാട് - പശ്ചിമബംഗാൾ

നിയമസഭാ തിരഞ്ഞെടുപ്പ് നടക്കുന്ന തമിഴ്നാട്ടിലും പശ്ചിമ ബംഗാളിലും പ്രചാരണം ഊർജിതം. ഇരു സംസ്ഥാനങ്ങളിലും ഈ മാസം 23 നാണ് വോട്ടെടുപ്പ്. രണ്ട് ഘട്ടമായി വോട്ടെടുപ്പ് നടക്കുന്ന പശ്ചിമബംഗാളിൽ ആദ്യഘട്ടത്തിൽ 152 മണ്ഡലങ്ങളിലാണ് വിധിയെഴുതുന്നത്. രണ്ടാം ഘട്ട പോളിംഗ് ഈ മാസം 29 ന് നടക്കും.

PNUTVPM

&&&&&&&&&&&&&&&&&&&

## പശ്ചിമബംഗാൾ- വോട്ടർപട്ടിക

വോട്ടർ പട്ടിക സംബന്ധിച്ച സുപ്രീം കോടതിയുടെ സമീപകാല ഉത്തരവ് നടപ്പാക്കുന്നതിൽ തടസ്സങ്ങളില്ലെന്ന് പശ്ചിമ ബംഗാൾ മുഖ്യ തിരഞ്ഞെടുപ്പ് ഓഫീസർ മനോജ് കുമാർ അഗർവാൾ. നടപടിക്രമങ്ങൾ പൂർണ്ണമായും ഓൺലൈനായിട്ടായിരിക്കും നടക്കുകയെന്നും, അവസാന നിമിഷം വരെ പൗരന്മാർക്ക് വോട്ടർ പട്ടികയിൽ പേര് ചേർക്കാൻ അവസരമുണ്ടാകുമെന്നും അദ്ദേഹം അറിയിച്ചു. പശ്ചിമ ബംഗാളിൽ നേരത്തെ വോട്ടർ പട്ടികയിൽ നിന്ന് ഒഴിവാക്കപ്പെട്ട ആയിരക്കണക്കിന് വോട്ടർമാർക്ക് വരാനിരിക്കുന്ന നിയമസഭാ തിരഞ്ഞെടുപ്പിൽ വോട്ട് ചെയ്യാൻ അനുമതി നൽകിക്കൊണ്ട് സുപ്രീം കോടതി ഉത്തരവ് പുറപ്പെടുവിച്ചിരുന്നു.

&&&&&&&&&&&&&&&&&&&&

<u>എസ്ഐആർ - ബിഎൽഒ</u>

സംസ്ഥാനത്ത് എസ്ഐ ആറിൻറെ ഭാഗമായി ബൂത്ത് ലെവൽ ഓഫീസർമാർക്ക് സ്പെഷ്യൽ ഇൻസെൻറീവ് ആയി 2,000 രൂപ നൽകാനാണ് തിരഞ്ഞെടുപ്പ് കമ്മിഷൻറെ നിർദ്ദേശമെന്ന് മുഖ്യ തിരഞ്ഞെടുപ്പ് ഓഫീസറുടെ ഓഫീസ് അറിയിച്ചു. കേരളത്തിൽ തുക കുറച്ചാണ് അനുവദിച്ചതെന്ന പരാതികളെ തുടർന്നാണ് കമ്മീഷൻറെ വിശദീകരണം.

&&&&&&&&&&&&&&&&&&&&

<u>കണ്ണൂർ - നിതിൻ രാജ്</u>

കണ്ണൂർ അഞ്ചരക്കാണ്ടി ഡെൻ്റൽ കോളേജിലെ ഒന്നാംവർഷ വിദ്യാർഥി തിരുവനന്തപുരം സ്വദേശി നിതിൻ രാജിൻ്റെ മരണവുമായി ബന്ധപ്പെട്ട് മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടറേറ്റിലെ ഉന്നതതല സംഘം പരിശോധന തുടങ്ങി. നിതിൻരാജിൻ്റെ മരണവുമായി ബന്ധപ്പെട്ടു കുറ്റാരോപിതനായ ഡോ.റാമും ഡോ.സംഗീത നമ്പ്യാരും തലശ്ശേരി സെഷൻസ് കോടതിയിൽ മുൻകൂർ ജാമ്യാപേക്ഷ നൽകി. ഹർജി ഏപ്രിൽ 22 ന് പരിഗണിക്കും.

അതെസമയം, നിതിൻ രാജിൻറെ മരണവുമായി ബന്ധപ്പെട്ട് ലോൺ ആപ്പിനെതിരെ പോലീസ് കേസ് രജിസ്റ്റർ ചെയ്തു. ചക്കരക്കൽ പോലീസ് സ്വമേധയ കേസെടുക്കുകായിരുന്നു.

&&&&&&&&&&&&&&&&&&&&

<u>ഇടുക്കി - വിനോദസഞ്ചാരം (ഇൻട്രോ)</u>

തിരുവനന്തപുരത്തെ പൊൻമുടിക്ക് പുറമെ, ഇടുക്കിയുടെ വിനോദസഞ്ചാര ഭൂപടത്തിലും പൊൻമുടി ശ്രദ്ധേയമാകുന്നു. രാജാക്കാട്, കൊന്നത്തടി പഞ്ചായത്തുകളിലായി വ്യാപിച്ചു കിടക്കുന്ന പൊൻമുടി അണക്കെട്ടും പരിസരപ്രദേശങ്ങളും വേനൽ അവധിക്കാലത്ത് സഞ്ചാരികളുടെ തിരക്കേറിയ കേന്ദ്രമായി മാറുകയാണ്.

RNU TVPM

കൂടുതൽ വിവരങ്ങളുമായി ആകാശവാണി ഇടുക്കി ജില്ലാ പ്രതിനിധി രതീഷ് കൃഷ്ണ.... (വോയ്സ്)

&&&&&&&&&&&&&&&&&&&

## പ്രവേശന പരീക്ഷ - കീം

സംസ്ഥാനത്തെ എൻജിനീയറിങ്/ഫാർമസി കോഴ്സുകളിലേക്കുള്ള പ്രവേശന പരീക്ഷ (കീം-2026) ഇന്നു മുതൽ 22 വരെ നടക്കും. കേരളത്തിലും പുറത്തുമായി 152 പരീക്ഷാ കേന്ദ്രങ്ങളാണുള്ളത്. എൻജിനീയറിങ് പ്രവേശനപരീക്ഷ ഇന്നു മുതൽ 22 വരെ ഉച്ചയ്ക്ക് 2 മുതൽ 5 വരെയും ഫാർമസി പരീക്ഷ നാളെ മുതൽ 20 വരെ രാവിലെ 10 മുതൽ 11.30 വരെയുമാകും നടക്കുക.

&&&&&&&&&&&&&&&&&&&

## ഐപിഎൽ

ഐപിഎൽ ക്രിക്കറ്റിൽ ഇന്ന് ഗുജറാത്ത് ടൈറ്റൻസ്, കൊൽക്കത്ത നൈറ്റ് റൈഡേഴ്സിനെ നേരിടും. രാത്രി 7.30-ന് അഹമ്മദാബാദിലെ നരേന്ദ്ര മോദി സ്റ്റേഡിയത്തിലാണ് മത്സരം. ഇന്നലെ നടന്ന മത്സരത്തിൽ മുംബൈ ഇന്ത്യൻസിനെതിരെ പഞ്ചാബ് കിങ്സ് ഏഴ് വിക്കറ്റിന് വിജയിച്ചു.

RNU TVPM

&&&&&&&&&&&&&&&&&&&

## ചൂട്

സംസ്ഥാനത്ത് കനത്ത ചൂട് തുടരുന്നു. ഞായറാഴ്ച വരെ 12 ജില്ലകളിൽ കേന്ദ്ര കാലാവസ്ഥാ വകുപ്പ് ഉയർന്ന താപനില മുന്നറിയിപ്പ് നൽകിയിട്ടുണ്ട്. ചിലയിടങ്ങളിൽ ഉഷ്ണ തരംഗത്തിനു സമാനമായ സാഹചര്യമാണു നിലനിൽക്കുന്നത്.

ഇടുക്കി, വയനാട് ഒഴികെയുള്ള ജില്ലകളിൽ യെല്ലോ അലർട്ട് പ്രഖ്യാപിച്ചു. ഈ ജില്ലകളിൽ താപനില 2 മുതൽ 4 ഡിഗ്രി സെൽഷ്യസ് വരെ ഉയരാൻ സാധ്യതയുണ്ട്. പാലക്കാട് ജില്ലയിലാണ് ഏറ്റവും കൂടുതൽ ചൂട് രേഖപ്പെടുത്തിയത്. പകൽ ചൂട് വർധിക്കുന്ന സാഹചര്യത്തിൽ ജനങ്ങൾ ജാഗ്രത

പാലിക്കണമെന്ന് സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി മുന്നറിയിപ്പ് നൽകി.

&&&&&&&&&&&&&&&&&&&

**കൊല്ലം - സൂര്യതപം**

കൊല്ലം പുനലൂരിൽ ജോലിക്കിടെ കെ.എസ്.ഇ.ബി. ലൈൻമാന് സൂര്യതപമേറ്റു. ആശുപത്രി ജംഗ്ഷന് സമീപം ഇലക്ട്രിക് ലൈൻ പരിശോധിക്കുന്നതിനിടെയാണ് കുണ്ടറ സ്വദേശി പത്മകുമാറിന് സൂര്യാതപമേറ്റത്.

&&&&&&&&&&&&&&&&&&&

**വിഷു പൂജ - ശബരിമല**

വിഷു പൂജകൾ പൂർത്തിയാക്കി ശബരിമല ക്ഷേത്ര നട നാളെ അടയ്ക്കും. സഹസ്രകലശ അഭിഷേകത്തോടെയാണ് ഇത്തവണ വിഷു പൂജ പൂർത്തിയാകുന്നത്. നാളെ അത്താഴപ്പൂജയ്ക്കു ശേഷം രാത്രി 10 ന് ഹരിവരാസനം ചൊല്ലി നട അടയ്ക്കും.

&&&&&&&&&&&&&&&&&&&

**പത്തനംതിട്ട (ഇൻട്രോ)**

പ്രായം വെറും അക്കം മാത്രമാണെന്നും യഥാർത്ഥ സ്നേഹത്തിന് മുന്നിൽ മരണം പോലും വഴിമാറുമെന്നും തെളിയിച്ചിരിക്കുകയാണ് പത്തനംതിട്ട സ്വദേശികളായ വൃദ്ധ ദമ്പതികൾ. കിണറ്റിൽ അകപ്പെട്ട ദമ്പതികളെ അഗ്നിരക്ഷാസേന അത്ഭുതകരമായി രക്ഷപെടുത്തി.

**ആകാശവാണി പത്തനംതിട്ട ജില്ലാ പ്രതിനിധി ശ്രീജി എസ്. ശ്രീധർ തയ്യാറാക്കിയ റിപ്പോർട്ട്..... (വോയ്സ്)**

&&&&&&&&&&&&&&&&&&&

**അപകടം**

തൃശ്ശൂർ കുതിരാനിൽ ബൈക്കപകടത്തിൽ പരിക്കേറ്റ് ചികിത്സയിലായിരുന്ന യുവാവ് മരിച്ചു. ഗുരുവായൂർ സ്വദേശിയായ ആദർശാണ് മരിച്ചത്. ഗുരുവായൂർ ദേവസ്വം കൃഷ്ണനാട്ടം വേഷം കലാകാരനാണ്. ബൈക്ക് നിയന്ത്രണം വിട്ട് ഡിവൈഡറിൽ ഇടിച്ചാണ് അപകടം ഉണ്ടായത്.

RNUTVPM

&&&&&&&&&&&&&&&&&&&

## ഓപ്പറേഷൻ ബ്രേക്ക്ത്രൂ

കൊച്ചി നഗരത്തിലെ വെള്ളക്കെട്ട് ഭീഷണി ഒഴിവാക്കുന്നതിനായുള്ള ഓപ്പറേഷൻ ബ്രേക്ക്ത്രൂ പ്രവർത്തനങ്ങൾ ഊർജിതമാക്കുന്നതിന്റെ ഭാഗമായി വിവിധ സർക്കാർ വകുപ്പുകളുടെ ശുചീകരണ പ്രവർത്തനങ്ങൾ നിശ്ചിത സമയപരിധിക്കുള്ളിൽ പൂർത്തിയാക്കാൻ ജില്ലാ കളക്ടർ ജി പ്രിയങ്കയുടെ അധ്യക്ഷതയിൽ ചേർന്ന യോഗം തീരുമാനിച്ചു. നഗരത്തിലെ കാനകളുടെയും തോടുകളുടെയും ശുചീകരണത്തിനായി പ്രത്യേക 'ക്ലീനിംഗ് കലണ്ടർ' തയ്യാറാക്കിയിട്ടുണ്ട്. ഏപ്രിൽ 1-ന് ആരംഭിച്ച ശുചീകരണ പ്രവർത്തനങ്ങൾ മേയ് 15-ഓടെ പൂർത്തിയാക്കാനാണ് ലക്ഷ്യമിടുന്നത്. ഇതിന്റെ പുരോഗതി വിലയിരുത്തുന്നതിനായി ഡെപ്യൂട്ടി കളക്ടറുടെയും ജൂനിയർ സൂപ്രണ്ടിന്റെയും നേതൃത്വത്തിൽ പരിശോധനകൾ നടത്തും.

&&&&&&&&&&&&&&&&&&&

## ഓഹരി, സ്വർണ്ണം

രാജ്യത്തെ ഓഹരി വിപണികളിൽ നേട്ടം. സെൻസെക്സ് 293 പോയിൻറ് ഉയർന്ന് 78,285 ലും നിഫ്റ്റി 87 പോയിൻറ് നേട്ടത്തിൽ 24,286 ലും വ്യാപാരം പുരോഗമിക്കുന്നു. സ്വർണ്ണ വിലയിൽ ഇടിവ്. പവന് 1,000 രൂപ കുറഞ്ഞ് ഒരു ലക്ഷത്തി 13,080 രൂപയും ഗ്രാമിന് 14,135 രൂപയുമാണ് ഇന്നത്തെ വില.

&&&&&&&&&&&&&&&&&&

&&&&&&&&&&&&&&&&

&&&&&&&&&&&&&&&

RNU TVPM